പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1451

21.03.2012-ൽ മറുപടിയ്ക്ക്

## ദേശീയ ഉപജീവന മിഷന്റെ നോഡൽ ഏജൻസി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ<br>,, ചിറ്റയം ഗോപകുമാർ<br>,, പി.തിലോത്തമൻ<br>,, ഇ. ചന്ദ്രശേഖരൻ | ശ്രീ.കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പ് മന്ത്രി) |
| എ. ദേശീയ ഉപജീവന മിഷന്റെ നോഡൽ ഏജൻസിയായി നിയോഗിച്ചിട്ടുള്ള സംഘടന ഏതാണെന്ന് വ്യക്തമാക്കുമോ ; | എ. എൻ.ആർ.എൽ.എം. പദ്ധതിയുടെ നോഡൽ ഏജൻസിയായി സംസ്ഥാന കുടുംബശ്രീ മിഷനെ നിയോഗിച്ചുകൊണ്ട് 2010 നവംബർ മാസത്തിൽ ഉത്തരവായിട്ടുണ്ട്. |
| ബി. ഈ മിഷന്റെ കീഴിലുള്ള പദ്ധതികളുടെ നടത്തിപ്പിനായി സംസ്ഥാന ഗവൺമെന്റ് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ; | ബി. എൻ.ആർ.എൽ.എം. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കൺവീനറുമായി ഗവൺമെന്റ് കോർ കമ്മിറ്റി രൂപീകരിച്ചു. കേന്ദ്രഗവൺമെന്റ് നിർദ്ദേശിച്ചിരുന്ന മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കോർ കമ്മിറ്റിയുടെ മേൽനോട്ടത്തിൽ കുടുംബശ്രീ തയ്യാറാക്കിയ സ്റ്റേറ്റ് പെർസ്പെക്ടീവ് ഇംപ്ലിമെന്റേഷൻ പ്ലാൻ കേന്ദ്ര സർക്കാരിനു സമർപ്പിച്ചു. ഇത് ദേശീയ ഗ്രാമീണ ഉപജീവന മിഷൻ എംപവേർഡ് കമ്മിറ്റി പരിശോധിക്കുകയും കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കുകയും ചെയ്തു. എൻ.ആർ.എൽ.എം. പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഒന്നരകോടി രൂപയും 2011-12 സാമ്പത്തിക വർഷത്തിലെ പദ്ധതി തുകയായി ഒരു കോടി രൂപയും കേന്ദ്രസർക്കാർ കുടുംബശ്രീക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |
| സി. നോഡൽ ഏജൻസിയെ മാറ്റാനുള്ള ശ്രമം നടക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | സി. എൻ.ആർ.എൽ.എം. കൂടുതൽ സമഗ്രമായി നടപ്പിലാക്കുവാൻ സർക്കാർ ആലോചിക്കുന്നു. |
| ഡി. കുടുംബശ്രീകളുടെ കീഴിൽ നടക്കുന്ന പ്രവർത്തനങ്ങളെ കേന്ദ്ര മന്ത്രിമാരടക്കം പ്രശംസിച്ചിട്ടുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | ഡി. കുടംബശ്രീ മിഷൻ വ്യാപകമായ പ്രശംസ നേടിയ പ്രസ്ഥാനമാണ്. |

സെക്ഷൻ ഓഫീസർ.